# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4684 — 22.03.2018-ൽ മറുപടിയ്ക്ക്

### ലോട്ടറി ഏജന്റുമാരുടെ കമ്മീഷൻ വർദ്ധിപ്പിക്കുവാൻ നടപടി

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ലോട്ടറി ഏജന്റുമാരാണ് ഇപ്പോൾ നിലവിലുള്ളത് ; രണ്ട് വർഷം മുമ്പ് എത്ര ഏജന്റുമാരായിരുന്നു ഉണ്ടായിരുന്നത്; ലോട്ടറി ഏജന്റുമാർക്ക് നൽകി വരുന്ന കമ്മീഷൻ എത്ര ശതമാനമാണ്; | (എ) | സംസ്ഥാനത്ത് നിലവിൽ 42,812 ലൈവ് ഏജന്റുമാരുണ്ട്. രണ്ട് വർഷം മുൻപ് (on 31.12.2016) 29,971 ഏജന്റുമാരാണുണ്ടായിരുന്നത്. പ്രതിവാര ഭാഗ്യക്കുറികൾക്ക് 2000 ടിക്കറ്റുകൾ വരെ 24%, 2001 മുതൽ 10,000 ടിക്കറ്റുകൾ വരെ 24.5%, 10,000 ടിക്കറ്റിന് മുകളിൽ 25.25% എന്ന നിരക്കിലും, ബമ്പർ ഭാഗ്യക്കുറികൾക്ക് 1000 ടിക്കറ്റുകൾ വരെ 24% , 1000 ടിക്കറ്റിന് മുകളിൽ 25% എന്ന നിരക്കിലുമാണ് കമ്മീഷൻ/ഡിസ്കൗണ്ട് അനുവദിച്ചിട്ടുള്ളത്. |
| (ബി) | സംസ്ഥാന ലോട്ടറി വകുപ്പ് നിലവിൽ എത്ര ടിക്കറ്റുകളാണ് പുറത്തിറക്കുന്നത്; ഓരോ ഇനത്തിലും എത്ര ലക്ഷം ടിക്കറ്റ് വീതമാണ് പ്രിന്റ് ചെയ്ത് വിതരണത്തിനായി എത്തിക്കുന്നത്; ഓരോ ലോട്ടറിയുടെയും ടിക്കറ്റ് വില, സമ്മാനത്തുക എന്നിവ എത്ര വീതമെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | നിലവിൽ വകുപ്പ് 7 പ്രതിവാര ലോട്ടറികളും 6 ബമ്പർ ലോട്ടറികളുമാണ് പുറത്തിറക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു |

| ക്രമ. നം | ലോട്ടറിയുടെ പേര് | നറുക്കെടുപ്പ് ദിവസം | പരമാവധി വിൽപ്പന വില | ആകെ സമ്മാനത്തുക |
|---|---|---|---|---|
| 1 | പൗർണ്ണമി | ഞായർ | 30(face value 26.8+12% GST) | 14,91,42,000 |
| 2 | വിൻ-വിൻ | തിങ്കൾ | 30(face value 26.8+12% GST) | 14,89,90,000 |
| 3 | സ്ത്രീശക്തി | ചൊവ്വ | 30(face value 26.8+12% GST) | 14,91,14,000 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>4</td><td>അക്ഷയ</td><td>ബുധൻ</td><td>30(face value 26.8+12% GST)</td><td>14,96,50,000</td></tr>
<tr><td>5</td><td>കാരുണ്യപ്ലസ്</td><td>വ്യാഴം</td><td>30(face value 26.8+12% GST)</td><td>14,81,26,000</td></tr>
<tr><td>6</td><td>നിർമ്മൽ</td><td>വെള്ളി</td><td>30(face value 26.8+12% GST)</td><td>14,88,98,000</td></tr>
<tr><td>7</td><td>കാരുണ്യ</td><td>ശനി</td><td>30(face value 26.8+12% GST)</td><td>14,82,66,000</td></tr>
</table>
<u>ബമ്പർ ഭാഗ്യക്കുറികൾ</u><br>
1. സമ്മർ ബമ്പർ<br>
2. വിഷു ബമ്പർ<br>
3. മൺസൂൺ ബമ്പർ<br>
4. തിരുവോണം ബമ്പർ<br>
5. പൂജ ബമ്പർ<br>
6. ക്രിസ്തുമസ്- ന്യൂ ഇയർ ബമ്പർ<br>
പ്രതിവാര ഭാഗ്യക്കുറികൾക്ക് പരമാവധി 1 കോടി 8 ലക്ഷം ടിക്കറ്റുകൾ വീതം അച്ചടിക്കത്തക്ക വിധത്തിലാണ് സമ്മാനഘടനകൾ ആവിഷ്കരിച്ചിരിക്കുന്നത്. നിലവിൽ പ്രതിവാര ഭാഗ്യക്കുറികൾ 96 ലക്ഷം വീതമാണ് അച്ചടിച്ച് വിതരണം ചെയ്യുന്നത്. ബമ്പർ ഭാഗ്യക്കുറികൾ ആദ്യ ഘട്ടത്തിൽ 20 ലക്ഷം വീതവും വില്പന പുരോഗമിക്കുന്നതനുസരിച്ച് ആവശ്യമായി വരുന്ന പക്ഷം കൂടുതൽ ടിക്കറ്റുകൾ അച്ചടിക്കുകയും ചെയ്യുന്നു.
</td>
</tr>
<tr>
<td>(സി)</td>
<td>ഓരോ ഇനം ടിക്കറ്റിലും ശരാശരി എത്ര ലക്ഷം ടിക്കറ്റുകൾ വീതമാണ് വിറ്റഴിയാറുള്ളത്; ഏത് ടിക്കറ്റാണ് ഏറ്റവും കൂടുതൽ വിറ്റഴിയുന്നത്;</td>
<td>(സി)</td>
<td>പ്രതിവാര ഭാഗ്യക്കുറികൾ 96 ലക്ഷം ടിക്കറ്റുകൾ വീതം അച്ചടിക്കുന്നതിൽ ഏകദേശം മുഴുവൻ ടിക്കറ്റുകളും വിറ്റഴിക്കപ്പെടുന്നുണ്ട്.</td>
</tr>
</table>

| | | | |
|---|---|---|---|
| (ഡി) | ഏജന്റുമാർക്ക് മുമ്പ് ലഭിച്ചിരുന്ന കമ്മീഷൻ നിരക്ക് ഉയർത്തിയിട്ടുണ്ടോ; ഏതെങ്കിലും ടിക്കറ്റിന്റെ കമ്മീഷൻ നിരക്ക് കുറച്ചിട്ടുണ്ടോ; | (ഡി) | പ്രതിവാര ഭാഗ്യക്കുറികൾക്ക് മുൻപ് 2000 ടിക്കറ്റുകൾ വരെ 26%, 2001 മുതൽ 10,000 ടിക്കറ്റുകൾ വരെ 27%, 10,000 ന് മുകളിൽ 28% എന്നിങ്ങനെ നൽകിയിരുന്നത് യഥാക്രമം 24%, 24.5%, 25.25% എന്നിങ്ങനെ നിലവിൽ കുറച്ചിട്ടുണ്ട്.<br>ബമ്പർ ഭാഗ്യക്കുറികൾക്ക് 1000 ടിക്കറ്റുകൾ വരെ 26%, 1000-ന് മുകളിൽ 28% എന്നിങ്ങനെ അനുവദിച്ചിരുന്നത്. നിലവിൽ 1000 ടിക്കറ്റുകൾ വരെ 24%, 1000-ന് മുകളിൽ 25% എന്നിങ്ങനെ കുറച്ചിട്ടുണ്ട്. സമ്മാനത്തിന്റെ വിഹിതം ഉയർത്തുകയും ചെയ്തു. |
| (ഇ) | സംസ്ഥാന സർക്കാരിന് സമ്പത്ത് നേടിത്തരുന്ന ആളുകളെന്ന നിലയിൽ ലോട്ടറി ഏജന്റുമാർക്ക് നൽകുന്ന കമ്മീഷൻ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ